"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് ലോക്ക്ഡൗൺ - മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി യഥാസമയം കരാറുടമ്പടിയിൽ ഏർപ്പെടാൻ സാധിക്കാതിരുന്ന കരാറുകാർക്ക് പിഴ ഈടാക്കുന്നതിൽ ഇളവ് നൽകി കരാറിൽ ഏർപ്പെടുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1710/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/09/2021

പരാമർശം:- 1. 28.07.2021 ലെ സ.ഉ.(സാധാ) നം. 682/2021/പൊ.മ.വ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07.09.2021 ലെ ഡിബി1/7942/10/സിഇ/തസ്വഭവ നമ്പർ കത്ത്

<u>ഉത്തരവ്</u>

കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതിന് മുമ്പ് ടെൻഡർ നടത്തുകയും കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിരുന്നെങ്കിലും ലോക്ക് ഡൗൺ കാരണം പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടാൻ കരാറുകാർക്ക് സ്റ്റാമ്പ് പേപ്പർ, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായവയും ആവശ്യമായ രേഖകൾ ലഭ്യമാകാതിരുന്നതും വകുപ്പ് കാര്യാലയങ്ങളിൽ ഹാജരാകാനോ നേരിട്ട് ഓഫീസിൽ എത്തി കരാറിൽ ഏർപ്പെടാൻ കഴിയാതിരുന്നതുമായ സാഹചര്യം ഉണ്ടായിട്ടുണ്ട്. അത് കാരണം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ കരാറിലേർപ്പെടുന്നതിന് സാധിക്കാത്ത അവസ്ഥ ഉണ്ടായിട്ടുള്ള സാഹചര്യങ്ങളിൽ, സമയപരിധി കഴിഞ്ഞത് കാരണം നിയമപ്രകാരം ഫൈൻ ഈടാക്കേണ്ടതുണ്ടെങ്കിലും, നിലവിലെ കോവിഡ് ലോക്ക് ഡൗൺ സാഹചര്യം പരിഗണിച്ച്, കരാറുടമ്പടിയിൽ ഏർപ്പെടാൻ സാധിക്കാതിരുന്ന കരാറുകാരിൽ നിന്നും ടി സാഹചര്യം ഉറപ്പ് വരുത്തിയതിന് ശേഷം, പിഴ ഈടാക്കുന്നത് ഒഴിവാക്കി കരാറിൽ ഏർപ്പെടുന്നതിന് പൊതു മരാമത്ത് വകുപ്പിലെ എഗ്രിമെന്റ് അതോറിറ്റികൾക്ക് അനുവാദം നൽകി പരാമർശിത ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും ഇപ്രകാരം ലോക്ക് ഡൗൺ മൂലം നിർമ്മാണ പ്രവർത്തികളുടെ ടെൻഡർ നടത്തി സെലക്ഷൻ നോട്ടീസ് നൽകിയതിനു ശേഷം കരാറിൽ ഏർപ്പെടാൻ കാലതാമസം ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് -19 ലോക്ക് ഡൗൺ കാരണം നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ തദ്ദേശ ഭരണ സ്ഥാപങ്ങളുമായി കരാറുടമ്പടിയിൽ ഏർപ്പെടാൻ സാധിക്കാതിരുന്ന കരാറുകാർക്ക് ലോക്ക്ഡൗൺ നിലനിന്നിരുന്നത് പരിഗണിച്ച് പിഴ ഒഴിവാക്കി സമയപരിധി നീട്ടി നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് ലോക്ക് ഡൗൺ നിലവിൽ ഉണ്ടായിരുന്നതിന്റെ പശ്ചാത്തലത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ

പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി ടെൻഡർ നടത്തുകയും സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്ത ശേഷം നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ യഥാസമയം കരാറുടമ്പടിയിൽ ഏർപ്പെടാൻ സാധിക്കാതിരുന്ന കരാറുകാർക്ക്, പിഴ ഒഴിവാക്കി സമയപരിധി നീട്ടി നൽകി കരാറിൽ ഏർപ്പെടുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. മേൽ പ്രകാരം ഇളവോടു കൂടി കരാറിൽ ഏർപ്പെടുന്നതിന് 15.10.2021 വരെ മാത്രം സമയപരിധി ഉണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവ് തീയതിക്ക് മുമ്പ് കരാറിലേർപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിലെ പ്രവർത്തികൾക്ക് ഈ ഉത്തരവ് ബാധകമാകുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 09-09-2021 10:38:27
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്